## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4115 — 25.06.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.പി. ഉണ്ണി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം, കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നുണ്ട്. ക്ഷീരകർഷകർക്കും ഉരുക്കൾക്കുമുള്ള ഇൻഷ്വറൻസും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) വായ്പാ കുടിശിക വരുത്തിയതിന്റെ ഭാഗമായി ജപ്തി നടപടികൾ നേരിടുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി നടപ്പാക്കിയ പുതിയ പദ്ധതി പ്രകാരം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) 2017-18 വർഷത്തെ ജപ്തി നടപടികൾ നേരിടുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപ വിനിയോഗിക്കുകയും ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും ക്ഷീരകർഷക സംഗമങ്ങൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്. ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാനവ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി ബ്ലോക്ക്, ജില്ലാ സംസ്ഥാനതലത്തിൽ ക്ഷീരകർഷക സംഗമങ്ങൾ സംഘടിപ്പിച്ച് ക്ഷീരകർഷകരുടെയും സഹകാരികളുടെയും ഈ മേഖലയിലെ വിദഗ്ധരുടെയും അഭിപ്രായം സ്വരൂപിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**